As per the rainfall chart in the Administration Report, it could be seen that rainfall, particularly in Nanjinad, is far below than that obtaining in other parts of India. Therefore, it is absolutely necessary that some form of concession is given to the people of Nanjinad in respect of tax. I shall close my observations by reading out a few lines from Goldsmith. A contented and happy peasantry is the back-bone of the nation :—

It is worth remembering here the famous couplet of Goldsmith.

"Princes and Lords may flourish or fade,
A word can mar them as a word had made them,
But a bold peasantry their country's pride,
When once destroyed cannot be supplied".

MR. THARIATHU KUNJITHOMMEN (*Muvattupuzha* cum *Devicolam*) സർ, നികുതികൊടുക്കുവാൻ നിവർത്തിയില്ലാത്ത കർഷകരുടെ ഭൂമികളം നിസ്സാരവിലക്ക് വിറ്റു പൊയ്ക്കൊണ്ടിരിക്കുന്ന ദുരവസ്ഥയെപ്പറ്റി ചിന്തിക്കുന്നതിന് നിർദ്ദിഷ്ടമായ ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഈ രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ സർവപ്രധാനമായ ഒരു പ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നതു കർഷകന്റെ ദുരവസ്ഥയ്ക്കു ഏതു വിധം പരിഹാരം ഉണ്ടാക്കേണ്ടു എന്നുള്ളതാണ്. കർഷകന്റെ ദുരവസ്ഥ ഇൻഡ്യയിൽ സർവസാധാരണമായി നേരിട്ടിട്ടുള്ള ഒന്നാണെന്നും അതു ഇവിടെമാത്രം ഉള്ളതല്ലെന്നും എതുപക്ഷത്തു നിന്നു മറുപടി പറയുമായിരിക്കും. എന്നാൽ നമ്മുടെ രാജ്യത്തു അതു പ്രത്യേകതരത്തിലുള്ള ഒന്നു കൂടിയാണ്. ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും തന്നെ കർഷകവൃത്തിയാണ് ജനങ്ങളുടെ പ്രധാനമായ തൊഴിലെങ്കിലും ഇവിടത്തെ ഉൽപ്പന്നങ്ങളെല്ലാ മറുസ്ഥലങ്ങളിൽ ഉണ്ടാകുന്നതു്. ടുബാക്കോ, ചില്ലി, റബ്ബർ, മുതലായവകൾക്കു ഇവിടെയുണ്ടാക

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathukunjithommen.]

ന്ന പെപ്പർ, ജിഞ്ചർ, മുതലായവകൾക്കുള്ളതു വിലക്കുറവു വന്നിട്ടില്ല. കുരുമുളകിന് കണ്ടിക്കു നൂറു രൂപ വിലയുണ്ടായിരുന്നതു ഇപ്പോൾ നൂറു രൂപയായി, അതായതു ഏകദേശം അതിൽ കുന്നായി, കുറഞ്ഞിരിക്കുന്നു. നാളികേരത്തിന് മുൻപു ഏഴു രൂപാവരെ വിലയുണ്ടായിരുന്നു. അതിപ്പോൾ ഒന്നേമുക്കാൽ രൂപയായി, അതായതു നാലിലൊന്നായി കുറഞ്ഞു. ഇതുവലിയ വിലക്കുറവു ഇൻഡ്യയിൽ മറുഭാഗങ്ങളിൽ ഉണ്ടാകുന്ന ഉല്പന്നങ്ങൾക്ക് വന്നിട്ടില്ല. അതിനാൽ ഇൻഡ്യയിലെ മറു ഭാഗങ്ങളിലുള്ള കർഷകരുടെ സ്ഥിതിയെക്കാൾ വളരെ ഭയങ്കരമായ ഒരു സ്ഥിതിയാണ് ഇവിടുത്തെ കർഷകക്ക് വന്നിരിക്കുന്നതു്. ഈ സ്ഥിതിയിൽ എന്താണ് ഗവണ്മെൻറു ചെയ്യേണ്ടതു എന്നു ചോദിക്കുമായിരിക്കും. ഈ രാജ്യത്തു ആകെ വരവു രണ്ടരക്കോടി രൂപായാണ്. അതിൽ അരക്കോടിമാത്രമെ ഭ്രനികുതിയുള്ളൂ.

MR. PULIYOOR T. P. VELAYUDHAN PILLAI: ഭ്രനികുതി അരക്കോടി രൂപ ഇല്ലെന്നുള്ളതറിയാമോ?

MR. THARIATHU KUNJITHOMMEN: ഞാൻ ഉദ്ദേശമായി പറഞ്ഞതാണ്. കുറവുള്ളതു കുറച്ചുകൊള്ളണം.

കുറക്കുക എന്നു പറയുന്നതു വളരെ എളുപ്പമാണ്. എന്നാൽ അതുകൊണ്ടുണ്ടാകുന്ന ഫലത്തെക്കുടി ചിന്തിക്കേണ്ടയൊ എന്നു ചോദിക്കുമായിരിക്കും. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറക്കണം. ഗവണ്മെൻറു ആഡംബരത്തിനും മറ്റുംവേണ്ടി ചെലവുചെയ്യുന്നതും കുറക്കാവുന്നതാണ്. വമ്പിച്ച സ്കീമുകളൊക്കെ നിറുത്തിവയ്ക്കണം. കുടുംബത്തിലുള്ള ആളുകൾ ദാരിദ്ര്യംകൊണ്ടു അലയുമ്പോൾ അല്പാ വമ്പിച്ച കെട്ടുകല്ല്യാണമൊക്കെ ആഡംബരങ്ങൾക്കും പണം ചെലവഴിക്കേണ്ടതു. അതുപോലെതന്നെ ഭ്രരിപക്ഷം അംഗങ്ങൾ പട്ടിണി കിടക്കുമ്പോൾ ആ കുടുംബത്തിലുള്ള ഒന്നു രണ്ടു വ്യക്തികൾ മൃഷ്ടാന്നമായി കഴിഞ്ഞു കൂടുന്നതും ശരിയല്ല. അതുകൊണ്ടു ഈ രാജ്യമാകുന്ന ഭവനത്തിലെ പബ്ലിക്ക് സർവന്റുകളുടെ ശമ്പളം നിശ്ചയമായും കുറക്കണം. ജീവിതാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് ചിലവു് വളരെ കുറഞ്ഞിരിക്കുന്നു. ജനസാമാന്യത്തിന്റെ സ്ഥിതിയനുസരിച്ചായിരിക്കണം ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും പോകേണ്ടതു്. വെള്ളത്തിന്റെ ലെവലനുസരിച്ചുവേണം വള്ളത്തിന്റെ ലവൽ എടുക്കാൻ. വെള്ളം കുടിനിന്നപ്പോൾ വള്ളം പൊക്കി നിറുത്തി. എന്നാലിപ്പോൾ വെള്ളത്തിന്റെ ലെവൽ വളരെ താണു കിടക്കുകയാണ്, വള്ളവും അതനുസരിച്ച് താഴ്ത്തി കെട്ടണം.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടു കഷ്ടപ്പെടുന്ന കർഷകരുടെ ഒരു കൊല്ലത്തേയെങ്കിലും രണ്ടുകൊല്ലത്തേയെങ്കിലും ഭൂനികുതി ഇളച്ചുകൊടുക്കണം. അവരുടെ സ്ഥിതി നന്നായാലെ രാജ്യവും നന്നാകയുള്ളൂ. രാജ്യത്തിന്റെ വരുമാനം അതിലെ ഒരു വ്യക്തിയുടെ വരുമാനത്തിന്റെ ഗണനകൊണ്ടാണു് നിർണ്ണയിക്കുന്നതു്. ഇവിടെ ഒരു വ്യക്തിയുടെ വരുമാനം വളരെ ഉച്ചമാണു്. മുൻപു തന്നെ വളരെ ഉച്ചമായ ഒരു വരുമാനമായിരുന്ന ഇവിടുത്തെ ഒരു വ്യക്തിക്കുണ്ടായിരുന്നതു്. ഇപ്പോൾ അതു വളരെ വളരെ കുറഞ്ഞു പോയിരിക്കുന്നു. സാമാന്യജനങ്ങളുടെ ക്ഷേമം, അവരുടെ കഷ്ടതകൾക്കു് പരിഹാരം ഇവയെല്ലാമാണു് ഇന്നു ഗവണ്മെൻറിനുള്ള സർവപ്രധാനങ്ങളായ പ്രശ്നങ്ങൾ. അവയെ ഏതു തരത്തിൽ അഭിമുഖീകരിച്ചു് ജനക്ഷേമത്തെ പരിരക്ഷിക്കുന്നു എന്നുള്ളതിലാണു് ഈ രാജ്യത്തിന്റെ ഔന്നത്യവും അഭിമാനവും വീക്ഷിക്കുന്നതു്. ജനങ്ങൾ ഇന്നു് ദാരിദ്ര്യംകൊണ്ടു നടമാടുന്നു എന്നുള്ളതിനു തർക്കമില്ല. എന്നാൽ അടുത്ത കൊല്ലത്തെ വിളവെങ്കിലും എടുത്തു് ഇതിനു് പരിഹാരമുണ്ടാക്കാം എന്നു് വിചാരിച്ചിരുന്നാൽ അതിനും നിവൃത്തിയില്ല. ഉള്ള ഭൂമികൾ ഇപ്പോഴേ വിറ്റുപോകുന്നു. ഉല്പന്നങ്ങൾക്കു വിലയില്ലെങ്കിലും ഭൂമി കൈവശം ഉണ്ടായിരുന്നാൽ അടുത്ത കൊല്ലത്തെ കൃഷിയെയെങ്കിലും ആശ്രയിക്കാമെന്നുള്ള സമാധാനം സാധാരണ കർഷകർക്കു് ഉണ്ടാകുന്നതാണു്. എന്നാൽ അതിനും നിവൃത്തിയില്ലാതെയാണു വന്നിരിക്കുന്നതു്. ശക്യമല്ലാത്തതു ഗവണ്മെൻറു ചെയ്യണമെന്നു് ആരും പറയുന്നില്ല. കരം ഇളവുചെയ്തു കൊടുത്തും, മദ്രാസിലെപ്പോലെ ഒരു കടനിവാരണബിൽ ഇവിടെ പാസാക്കിയും കഴിയുംവിട്ടു ശ്രമിക്കണമെന്നേ പറയുന്നുള്ളൂ. പട്ടിണി ആണെങ്കിലും ഗവണ്മെൻറു തങ്ങളെ രക്ഷിക്കാൻ സന്നദ്ധമായിട്ടുണ്ടെന്നുള്ള ആശ്വാസമെങ്കിലും അവർക്കുണ്ടായാൽ സന്തുഷ്ടിപ്പെട്ടുകൊള്ളും. എന്നാൽ അങ്ങനെ ഒരു ലക്ഷണവും കാണുന്നില്ല. "കരം പതിവുപോലെ ഈടാക്കുന്നു ഞങ്ങളുടെ കഷ്ടതകൾക്കു് വേണ്ട കാര്യങ്ങളൊന്നും ഗവണ്മെൻറു ചെയ്യുന്നില്ലല്ലൊ" എന്നിങ്ങനെയാണു് സാധുക്കളായ കർഷകർ നിലവിളിക്കുന്നതു്. ദക്ഷിണതിരുവിതാംകൂറിൽ ജലസേചനത്തിനുകൂടി കരം കൊടുക്കേണ്ടി വരുന്നു എന്നു് എന്റെ ചില സ്നേഹിതന്മാർ ഇവിടെ പറയുകയുണ്ടായി. വാസ്തവമായിരിക്കാം. അവരോടൊപ്പം ഞാനും സങ്കടപ്പെടുന്നു. എന്നാൽ ഉത്തരതിരുവിതാംകൂറിലെ സ്ഥിതി അതിനെക്കാൾ ദയനീയമാണു്. വിശേഷിച്ചും ഡ്രൈലാൻഡിൽ ഇപ്പോൾ കിട്ടുന്ന വിളവു പണ്ടത്തെക്കാൾ ആറിലൊന്നും ഏഴിലൊന്നുമായി കുറഞ്ഞിരിക്കുന്നു. അക്കരെനിന്നു നോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen.]

ക്കുമ്പോൾ ഇക്കരെ പച്ചയാണെന്നു തോന്നുന്നതു സ്വാഭാവികമാണ്. ദക്ഷിണതിരുവിതാംകൂർകാർ ഉത്തരതിരുവിതാംകൂറിലെ അവസ്ഥ തങ്ങളെക്കാൾ ഭേദമാണെന്നു പറയുന്നു. എന്നാൽ അങ്ങിനെയല്ലാ പരമാർത്ഥം. ഉല്പന്നങ്ങളുടെ ഭീമമായ വിലയിടിവുമൂലം അതിദാരുണമായ അധഃപതനാവസ്ഥയിലാണ് അവിടെയുള്ള മിക്കവാറും ജനങ്ങൾ കഴിയുന്നതു്. മൻപു എഴുനൂറുരൂപാ കിട്ടിക്കൊണ്ടിരുന്ന സ്ഥലത്തുനിന്നു, ഇപ്പോൾ നൂറുരൂപായാണ് വരുമാനമുള്ളതെങ്കിൽ എങ്ങനെയാണ് ആ കുടുംബം ചെലവു നടത്തുന്നതു്? ഇവിടെ ആഡംബരങ്ങൾക്ക് അനവധി പണം ചെലവാക്കുന്നുണ്ട്. അതിന്റെ ആവശ്യമില്ല. അതുപോലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവുംകുറയ്ക്കാം. അവർ അവരുടെ ചെലവിനെ സമീകരിച്ചാൽ മാത്രം മതിയാകുന്നതാണ്. ഇന്നത്തെ വേഷമെല്ലാം കളഞ്ഞു് വെറും ഖദർ മുണ്ടു മാത്രം അവർ ധരിച്ചുകൊള്ളട്ടെ എന്നു വയ്ക്കുന്നതു നന്നായിരിക്കും. ജനങ്ങൾക്കുള്ളതിനേക്കാൾ കൂടുതൽ ആഡംബരത്തിൽ ഉദ്യോഗസ്ഥന്മാർ നടക്കണം എന്നു നിർബന്ധിക്കേണ്ട ആവശ്യമില്ല. ഈവിധത്തിലെല്ലാം ചെയ്താൽ കുറെയെങ്കിലും നിവൃത്തിയുണ്ടാകും. ഗവണ്മെൻറു് ഈ കാര്യങ്ങളെപ്പറ്റി ഗാഢമായി ചിന്തിക്കണം. ചെയ്യേണ്ടതെല്ലാം ഗവണ്മെൻറാണ്. എന്റെ നാട്ടിലെ പരിതസ്ഥിതി വളരെ പരിതാപകരമാണ്. ഓരോരുത്തരും അവരവരുടെ നാട്ടിലെ പരിതസ്ഥിതികളും പരിതാപകരമാണ് എന്നു വിചാരിക്കുമായിരിക്കും. എന്നാൽ ഞങ്ങൾക്ക് ഭക്ഷണസാധനങ്ങളും പാലും പുറത്തുനിന്നു വാങ്ങേണ്ടിയിരിക്കുന്നു. അവിടെ ഉണ്ടാകുന്ന ഉല്പന്നങ്ങൾക്കാണെങ്കിൽ, അതായതു പുൽത്തൈലം, കുരുമുളകു, ഇഞ്ചി മുതലായവ തീരെ വിലയില്ല. ഈ സാധനങ്ങൾ വിറ്റുവേണം ഞങ്ങൾക്കു വേണ്ട ഭക്ഷണസാധനങ്ങൾ വാങ്ങിക്കുവാൻ. പ്ലൈലാൻഡിലുള്ളവർക്കാണ് വളരെ കഷ്ടത. ഇവക്കെല്ലാം വേണ്ട പരിഹാരം ഉണ്ടാക്കണമെന്നു് ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

MR. D. FRANCIS: Sir, இக்கப் பிரமேயக்களே நான் ஆமோதிக்கிறேன். திருவிதாங்கூர் ராஜ்யத்தில் உத்தரதேசம் எழுபது வருஷங்களுக்குள் இத்தனாதிரி கடுக்குடனை திருவிதாங்கூர்களுக்கு வந்திருப்பதேயில்லே. கேரளே முதலான சகல திருவிதாங்கூர்களுக்கு விலே மிகவும் அதிகமாய் குறைந்ததும், மழைக்குறைவுமே இத்தனாதிரி கடுக்குடனைக்குக் காரணம்.

நல்லெ ஒரு வாரங்களிலும் அதிக ஆதிக்கணக்கான வஸ்துக்கள் பல தரவாரங்களிலும் விற்கப்படுகின்றன. அவைகளே வாங்குகிற பணக்காரர்களுக்கே நூற்றுக்கு ஐந்நூறு சதமானம் லாபம் கிடைக்கிறது.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

வஸ்துக்கள் விற்று தீர்த்தால் முப்பது நாளைக்குள் கரம்பனையும், கமிஷனும் கட்டினவுத்தால் வஸ்துக்கள் நிருபம்பிக் கொடக்கும். ஒன்று, ஒன்றரை வருஷங்களாக கரம் கட்டிவைக்க முடியாதவன் இனி ஒரு மாதத்துக்குள் கட்டுகிறதெப்படி? இந்தவிதமாக வஸ்துக்கள் எல்லாம் கரக்குடிசைக்காக விற்கிறதாயிருந்தால் இன்னும் சில வருஷங்களுக்குள் அநேகம் சாதுக்கள் வஸ்துக்களில்லாமலும், வீடுகளில்லாமலும் ஆகிவிடுவார்கள். லேவ பிடிப்பதை ஒரு தொழிலாக வைத்துக் கொண்டிருக்கிற பெரியபணக்காரர்கள் மாத்திரம் (capitalists) வஸ்துக்கள் உடையவர்களாயிருக்க நேரிடும்.

ஸர்க்கார் கெஜட்டு முன்காலங்களில் நாறு அல்லது இருநூறு பக்கங்கள் உடையவைகளாயிருந்தன. இப்பொழுதோ சரக்குடிசைக்காக வஸ்துக்கள் விற்கிறதற்குள்ள லேலபரிமத்தை விளம்பரப்படுத்த சில மாசங்களாக ஆயிரம், இரண்டாயிரம் பக்கங்கள் உள்ளதாகக் காணப்பட்டன. அதன் பிறகு அதுவும் சரியல் ஒவ்வொரு வாரத்திலும் இரண்டு வாயிலும் (volumes)களாக அச்சிடப்படுகின்றன. அதனால் லேலத்தை உடனடி நிறுத்தி இன்னும் ஏறுபாதங்களுக்கு நடி அவதி கொடுத்து, சில்லறை சில்லறையாகக் குடிசைப் பணத்தைப் பிரிக்க வேண்டும்.

மேலும் தற்காலம் நிருவிகர்களின் பேல் சுமத்தப்பட்டிருக்கிற காரத்தை காமசமில்லாமல் குறைக்கவேண்டும். நிருவி சபாக்களெல்லாம் பத்து வருஷங்களுக்கு முன்னிருந்த விலைவரியிருந்த, நாற்றுக்கு எழுபத்திஐந்து சதமானம் குறைத்து விற்கப்படுகின்றன. இந்த மாதிரி வெகுகாலங்களாக குறைத்து விற்கும்பொழுது, காரத்தை கொஞ்சமும் குறைவு செய்யாமல் வசூல் செய்வது மிகவும் ஒருத்தலைக் கொடுக்கிறது. தென் நிருவிதாங்கூரில், நெல், புளி, கறிப்புச்சட்டி, தேங்காய் முதலிய சபாக்களுக்கெல்லாம், சமீபகாலமே, குறைத்துவிட்டன. சாதாரணமாய் நிருவிகர்கள் நிருவிச்சிலவை சரியாய் கணக்கு எழுதி டார்கிறவழக்கமில்லை. அப்படி கணக்குப் பார்த்தால் ஒரு கோட்டை நெல், வயலில் விளையவைத்து வீட்டுக்கு கொண்டுவர ஐந்து ரூபாய் சிலவாகிறது. அதற்கு பேல் காரம் கொடுக்கவேண்டும். சிலம் வாங்கின பணத்துக்கும் வட்டி கொடுக்கவேண்டும். நிருவி செலவுக்கு லாபம் அல்லது சம்பளமும் கொடுக்கவேண்டும். அதனால் காரத்தை நாற்றுக்கு ஐம்பது சதமானம் குறைக்கவேண்டும். தென்நிருவிதாங்கூரில் முக்யமாய் புதுவல்நிலங்களில் கல்பலகு, அரைப்பலகு, முக்கால்பலகு விளைந்தாலும் முழுக்காரம் வாங்கப்படுகிற கேட்டவழக்கத்தை முழுவதுமே நிறுத்தவேண்டும்.

இவைகளெல்லாம் கூடிய சீக்கிரம் செய்தாகவேண்டுமென்று கேட்டுக்கொண்டு, இந்தப் பிரேமேயங்களை பலமாய் ஆதரிக்கிறேன்.

MR. K. R. NARAYANAN : സർ, കരം പിരിക്കുന്നതിനായുള്ള കർശനനടപടികളെ ഉടൻതന്നെ നിറുത്തിവയ്പ്പിക്കുവാൻ താല്പര്യപ്പെടുന്ന രണ്ടു പ്രമേയങ്ങളോടും ഞാൻ ഹൃദ്മാർഗ്ഗമായി അനുഭാവപ്രകടിപ്പിക്കുന്നു. ഞങ്ങളും ഇതിനെപ്പറ്റി പലതവണ, ഇവിടെ ഈ വിഷയത്തെക്കുറിച്ചു

[Mr. K. R. Narayanan]

ചെയ്ത പ്രസംഗങ്ങൾ കേൾക്കുമ്പോൾ ഞാൻ എന്നോടുതന്നെ വളരെ പ്രാവശ്യം ചോദിച്ചിട്ടുണ്ട്. വാസ്തവം പറയുകയാണെങ്കിൽ പാവങ്ങളായ പട്ടിണിക്കാരുടേയും അർദ്ധപട്ടിണിക്കാരുടെയും മുഴുപ്പട്ടിണിക്കാരുടേയും പ്രതിനിധികളാണ് ഞങ്ങൾ. സംഗതികൾ ശരിക്കു നോക്കിയാൽ ഞങ്ങളും പട്ടിണിക്കാർതന്നെ. ഈ ദുഃസ്ഥിതിക്കു ഒരു പരിഹാരം വരുത്താതെ രാഷ്ട്രീയമായ പുരോഗതി വന്നാലും മറെറന്തു പുരോഗതി വന്നാലും യഥാർത്ഥമായ പുരോഗതി രാജ്യത്തിനുണ്ടാകുന്നതല്ല. ബഹുഭൂരിപക്ഷം ജനങ്ങൾ ആഹാരത്തിനു വിഷമിക്കുമ്പോൾ, വസ്ത്രവും കിടപ്പിടവും ഇല്ല. രണ്ടു മാർഗ്ഗങ്ങളിൽ കൂടി ഇതിനു പരിഹാരം ഉണ്ടാക്കാവുന്നതാണ്. ഇപ്പോഴത്തെ സാമ്പത്തികഘടനയ്ക്കു സമൂലമായ ഒരു പരിവർത്തനം വരുത്തുക എന്നുള്ളതാണ് ഒന്നാമത്തേതു്. നാം മാത്രം വിചാരിച്ചാൽ നടക്കാത്തതും വളരെ അടിപ്രായവ്യത്യാസത്തിനു ഇടയുള്ളതുമായ കാര്യമാണിതു്. അതിനാൽ അതിനെപ്പറ്റി ഇവിടെ പറയേണ്ട ആവശ്യമില്ലെന്നതന്നെ ഞാൻ കരുതുന്നു. രണ്ടാമത്തെ അതിപ്രധാനമായ കാര്യം നമ്മുടെ ഗവണ്മെൻറിന്റെ സത്വരശ്രദ്ധയെ ഈ വിഷയത്തിലേക്ക് തിരിക്കുക എന്നുള്ളതാണ്. ഈ അടിയന്തിരപ്രമേയത്തിന്റെ ഉദ്ദേശം അതാകുന്നു. കരം കുറയ്ക്കണമെന്നുള്ള പ്രമേയം അവതരിപ്പിക്കുന്ന സമയങ്ങളിലെല്ലാം ലാൻഡുറവന്യൂകമ്മീഷണർ കാര്യമായി പറയുന്ന ഒരു സമാധാനം, രാജ്യത്തിന്റെ പ്രധാനമായ ഒരുവരവു കുറച്ചാൽ ഗവണ്മെൻറു എന്തുചെയ്യും, ഗവണ്മെൻറുകാര്യങ്ങൾ എങ്ങിനെ മുൻപോട്ടു പോകും എന്നാകുന്നു. പ്രത്യക്ഷത്തിൽ ഇതു ശരിയെന്നു തോന്നും. നിയമസഭയിൽ വളരെ തഴക്കവും പഴക്കവുമുള്ള മി. കുഞ്ഞിത്തൊമ്മൻ ഈ വാദമുഖത്തിനു ശരിയായ മറുപടി പറഞ്ഞിട്ടുണ്ട്. പട്ടിണിക്കാരായ ഞങ്ങളുടെ ഒന്നോ രണ്ടോ കൊച്ചുകാശോ, വീടില്ലാത്ത ഞങ്ങളുടെ ചെറുകുടിലുകളോ, കിടക്കാൻ പുരയിടമില്ലാത്ത ഞങ്ങളുടെ ഒന്നോ രണ്ടോ ഇഞ്ചുസ്ഥലമോ വിറെറടുത്തിട്ടു വേണമോ ഗവണ്മെൻറിനു ഈ കാര്യങ്ങളെല്ലാം നടത്തുവാൻ എന്നു് ഞാനും ചോദിച്ചുകൊള്ളുന്നു. അതുക വേണ്ടെന്നുവച്ചാൽ ഉണ്ടാകുന്ന നഷ്ടത്തിനനുസരണമായി ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും മറാഡംബരങ്ങൾക്കുവേണ്ടിയുള്ള വമ്പിച്ച ചിലവും കുറയ്ക്കുന്നതായാൽ ആ വഴിക്കുള്ള ബുദ്ധിമുട്ടു് നിഷ്പ്രയാസം തീർക്കാവുന്നതാണ്. ബഹുഭൂരിപക്ഷം ജനങ്ങൾ വിശപ്പുകൊണ്ടു എരിപൊരികൊള്ളുമ്പോൾ, പാർപ്പിടമില്ലാതെ തെരുവീഥികളിൽ തെണ്ടി നടക്കുമ്പോൾ, അനവധിപേരെ ദുർവഹമാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യ ശമ്പളത്തിൽ നിയമിച്ചിരിക്കുന്നതും, അനാവശ്യമായ ആഡംബരപര മായ പരിഷ്കാരങ്ങൾ തുടങ്ങിയിരിക്കുന്നതും, ഒന്നുകൊണ്ടും നീതീകരി ക്കാവുന്നതല്ല. ഒരു വശത്തു ജീവസന്ധാരണത്തിനു ബുദ്ധിമുട്ടുന്നു. മറുവശത്തു ആഡംബരത്തിൽ ആളുകൾ മുഴുകുന്നു. നമുക്കിടെ ഒരു കൃഷിഡിപ്പാർട്ടുമെൻറുണ്ട്. തിരുവിതാംകൂറിന്റെ ഒരു "വെള്ളാന ഡിപ്പാർട്ടുമെൻറാണ്" അതു്. ആ ഡിപ്പാർട്ടുമെൻറ് ഇത്രയുംകാലം എത്രയൊക്കെ പരിശ്രമിച്ചിട്ടും മുൻപു കിട്ടിക്കൊണ്ടിരുന്ന തിനെക്കാൾ ഒരുമണി നെല്ലുകൂടുതൽ ഉണ്ടാകാനൊ ഒരുതുള്ളി കൂടുതൽ പുൽത്തൈലം എടുക്കാനൊ ഒരുതിരികൂടുമുളക് കൂട്ടുവാനൊ അതുപോലെ അഭിവൃദ്ധികരമായ മറേറതെങ്കിലും കൃഷിനടത്താനൊ, ആ ഡിപ്പാർട്ട് മെൻറിനു ഇതുവരെ സാധിച്ചിട്ടില്ല. ഇവിടുത്തെ വിഭവങ്ങളുടെ വില വർദ്ധിപ്പിക്കുവാൻ എന്നും പറഞ്ഞു കുറെ ഏജൻറൻമാരെ ഇൻ ഡ്യയുടെ പല ഭാഗങ്ങളിലുമായി നിയമിക്കുകയുണ്ടായിയെങ്കിലും ആ ഏജൻറന്മാർ പാഞ്ഞു പോയ വഴിക്കു പുല്ലുണ്ടോ എന്ന് ഇനിയും കണ്ടറിയേണ്ടിയിരിക്കുന്നു. അതു പരിതാപകരമായ അവസ്ഥയിലാ ണു്, അതു പരാജയമടഞ്ഞ നിലയിലാണു് ആ ഡിപ്പാർട്ടുമെൻറു ഇന്നു സ്ഥിതിചെയ്യുന്നതു്. അങ്ങിനെ നിഷ്പ്രയോജനകരമായിത്തീർന്നിട്ടുള്ള ഡിപ്പാർട്ടുമെൻറുകളെല്ലാം നിർത്തൽ ചെയ്യുന്നതിലൊന്താണബദ്ധം? അതുകൊണ്ടു് ഈ പാവങ്ങളുടെ പേരിൽ, ഈ പട്ടിണികിടക്കുന്നവരുടെ പേരിൽ എനിക്കു പറയുവാനുള്ളതു് കരം ഇളവാക്കുന്നതിലുള്ള കർശ നനടപടികൾ നിറുത്തണമെന്നാണു്. മി. ടി. സി. കേശവപിള്ള ഇവിടെ പറയുകയുണ്ടായി ഒരുലക്ഷം രൂപാ അരചക്രം കരത്തിനു വേണ്ടി 10 ഏക്കർ സ്ഥലം വിൽക്കുകയുണ്ടായി എന്നു്. ഇതിൽ കുറച്ചുതി ശയോക്തി കാണാം. പോലീസ് കമ്മീഷണരുടെ ഭാഷയിൽ പറയുകയാ ണെങ്കിൽ ഇതിൽ പത്തിന് ഒന്നു് എങ്കിലും ശരിയാണെങ്കിൽ നമ്മുടെ രാജ്യം എത്രമാത്രം അധഃപതിച്ചു എന്നു് നമുക്കറിയാം. പത്തുരൂപാ വിലപിടിപ്പുള്ള വസ്തു ഒരു രൂപയ്ക്കും ആയിരം രൂപാ വിലയുള്ള വ സ്തു നൂറുരൂപയ്ക്കും വിറ്റുപോയാൽ അതു എത്രമാത്രം കഷ്ടതരമായ ഒരു സ്ഥിതിയായിരിക്കും വ്യക്തമാക്കുന്നതു് എന്നു് അങ്ങും ഊഹി ക്കാവുന്നതാണല്ലൊ. ഈ ദുരവസ്ഥയെപ്പറ്റി കൽനടപടികളുടെ ദുസ്സഹദുരിതം അനുഭവിക്കുന്ന ഞങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണരോ ടല്ലാതെ ആരോടാണു് ഇതിനെപ്പറ്റി പരാതിപ്പെടേണ്ടതു്? അങ്ങേ യ്ക്കും ഈ കാര്യത്തിൽ സ്വതന്ത്രനല്ലെന്നു എനിക്കറിയാം. എന്നാൽ

[Mr. K. R. Narayanan.]

അദ്ദേഹത്തെ സ്വതന്ത്രനാക്കുന്നതിനു ചുമതലയും കെൽപ്പുമുള്ള ഗവണ്മെൻറിൻെറ കണ്ണുതുറപ്പിക്കുവാനാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കൃഷിപ്പിഴകൊണ്ട് രാജ്യം മുഴുവൻ പട്ടിണിയിൽ പെട്ടിരിക്കുന്നു. ആഹാരക്കുറവുകൊണ്ടുള്ള രോഗം മറെറാരു വശത്തുകൂടെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എവിടെയും പാവങ്ങളുടെ കരച്ചിൽ നാണയങ്ങളുടെ കിലുക്കത്തിനിടയിൽ അതു ചിലർ കേൾക്കുന്നില്ല. ഈ അവസരത്തിൽ കൊടുക്കാനുള്ള കരത്തിനു അവരവക്കുള്ള സ്ഥലം വിറെറടുക്കാം എന്നു വയ്ക്കുന്നതു ഉൎദ്ധോശ്വാസം വലിച്ചു മരണക്കിടക്കയിൽ കിടക്കുന്നരോഗിക്കു ചികിൽസയ്ക്കുള്ള ഏകാവലംബമായ മോതിരം ചികിൽസിക്കാൻ വന്ന ഡാക്ടർ പ്രതിഫലമായി എടുത്തുകൊണ്ടുപോകുന്നതിനു തുല്യമാകുന്നു. അതിനാൽ ഇവിടെ അവതരിക്കപ്പെട്ട പ്രമേയങ്ങൾ പാസ്സാക്കണമെന്നും അതിൽ എൻെറ ബഹുമാന്യസ്നേഹിതന്മാരെല്ലാം യോജിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

MR. T. C. KESAVA PILLAI : ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറു മയാപൂരസ്സരം ആലോചിച്ചു വേണ്ടതു ചെയ്യാമെന്നു പറഞ്ഞാൽ അതിൻെറ ആവശ്യമുണ്ടോ?

MR. K. R. NARAYANAN : ഗവണ്മെൻറു അങ്ങനെ ചെയ്യണമെന്നാണല്ലോ ഈ പ്രമേയത്തിൻെറ അർത്ഥം. ചെയ്യുവാൻ തയ്യാറുള്ള ഗവണ്മെൻറിനു നിശ്ചയം പാസ്സാക്കൽ സഹായമായിട്ടല്ലാതെ ഉപദ്രവമായി ഒരിക്കലും തീരുകയില്ലല്ലോ.

MR. P. C. ADICHAN (*Nominated*) : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട അടിയന്തിരപ്രമേയത്തെ അനുകൂലിച്ചുകൊണ്ടു രണ്ടു വാക്കു ഞാനും പറഞ്ഞുകൊള്ളട്ടെ. ഈ തിരുവിതാംകൂറിലുള്ള കരം കൊടുക്കുന്ന ആളുകളെ ബാധിക്കുന്ന ഒരു പ്രമേയമാണിതെങ്കിലും, ജനസംഖ്യയിൽ ഒരു വല്യഭാഗം അടങ്ങുന്നതും കരം ഇല്ലാത്തവരുമായ കൂലിവേലക്കാരെയാണു ഇതു കൂടുതൽ ബാധിക്കുന്നതു്. എന്തെന്നാൽ കരം കൊടുക്കുന്നവരെ ആശ്രയിച്ചു ജീവിക്കുന്നവരാണ് അവരെല്ലാം. തിരുവിതാംകൂറിലെ ആകമാനമുള്ള ജനങ്ങളുടെ ഇന്നത്തെ അവസ്ഥ ഏറെറവും പരിതാപകരമായിട്ടുള്ളതാണ്. തിരുവിതാംകൂറിൽ ആകമാനമുള്ള ജനങ്ങളുടെ സ്ഥിതി എനിക്കു അറിഞ്ഞുകൂടായെങ്കിലും എൻെറ നാടായ കുന്നത്തൂർ താലൂക്കിലെ കൂലിവേലക്കാരുടെ കാര്യമാണ് ഞാൻ ഉദാഹരണമായി ഇവിടെ പറയുന്നതു്. മദ്ധ്യതിരുവിതാംകൂറിൽ കൂലി

LIBRARY ARCHIVES Kerala Legislative Assembly

വേലചെയ്യുന്ന ഒരു പുരുഷന് ഒരു ദിവസം കിട്ടുന്നതു് അഞ്ഞാഴിനെല്ലും ഒരു സ്ത്രീയ്ക്കു ഇടങ്ങഴിനെല്ലുമാണു്. ഈ തുച്ഛമായ കൂലികൊണ്ടു് ദിനംപ്രതിയുള്ള ആഹാരം കഴിക്കണം. കുട്ടികളെ പള്ളിക്കൂടത്തിൽ അയച്ചു് അവരുടെ കായ്ക്കുരം അറിയണം. വസ്ത്രങ്ങൾ ധരിക്കണം എന്നതന്നെയല്ല സർവകായ്ക്കുങ്ങളും ഇതുകൊണ്ടു് അറിയണം. പ്രവൃത്തികാരന്മാരും മാസപ്പടിയും വന്നു കരം നിർദ്ദയമായി പിരിച്ചുകൊണ്ടുപോകുകയോ മറ്റു സാമാനങ്ങൾ ലേലം ചെയ്യുകയോ ചെയ്യുന്നപക്ഷം അന്നേദിവസം കൂലിക്കാരുടെ കൂലി അളവിൽ കുറയ്ക്കും. എന്നതന്നെയല്ല; ദിവസവും കൂലി കുറയ്ക്കുകതന്നെ ചെയ്യും. ഇതുകൊണ്ടു വീട്ടിൽ പോയിട്ടു തങ്ങളുടെ തമ്പുരാക്കന്മാരെ ശപിക്കുകയാണു് ചെയ്യുന്നതു്. ഇപ്രകാരം കൂലിവേലക്കാരുടെ നഷ്ടമാസ്ത്തിനുവേണ്ടിയും, അവർ ആശ്രയിച്ചു നിൽക്കുന്ന അവരുടെ യജമാനന്മാരുടെ മോക്ഷപ്രാപ്തിക്കുവേണ്ടിയും കരം ഇളവുചെയ്തു കൊടുക്കണം. ഈ തുച്ഛമായ കൂലിപോലും തരുന്നതിനു നിവൃത്തിയില്ലാതെ വിഷമിക്കുന്നവരുടെ വസ്തുക്കൾ പ്രവർത്തികാരന്മാർ വന്നു് ലേലത്തിൽ വിറ്റൊടുത്താലുള്ള അവസ്ഥയെപ്പറ്റി പറയേണ്ടതുണ്ടോ? കൂലിവേലക്കാരായ ആളുകൾ നിത്യസന്ധാരണത്തിനായി ആശ്രയിക്കുന്ന ആളുകൾക്കു കരുണയേറിയ ഗവണ്മെൻറിൽനിന്നും കഴിവുള്ള സഹായങ്ങൾ കരം ഇളവുചെയ്തും മറ്റും നൽകുന്നതു കൂലിവേലക്കാരായ ജനങ്ങൾക്കുതന്നെ ഒരു രക്ഷാമാർഗ്ഗമായിത്തീരുന്നതാണു്. പാവപ്പെട്ടവരുടെ പട്ടിണിക്കു ഒരു പരിഹാരമുണ്ടാക്കുന്നതു് മോക്ഷപ്രാപ്തിക്കുകൂടി ഉപകരിക്കുന്നതാണെന്നു് തത്വജ്ഞാനികൾ പറയുന്നു. അതുകൊണ്ടു നാട്ടിലെ നട്ടെല്ലായ കൂലിവേലക്കാരുടെ പട്ടിണികിടന്നുള്ള പ്രയത്നമാണു സകലരുടേയും വാസ്തവത്തിൽ ഉന്നമനത്തിനു കാരണമാകുന്നതെങ്കിൽ, ആ അഭ്യുദയത്തെ ഓർത്തും പട്ടിണിപാവങ്ങളെ രക്ഷിക്കുന്നവെന്നുള്ള സൽകർമ്മത്തെയും അതിൽനിന്നും കിട്ടുന്ന മോക്ഷത്തെയോർത്തും തീർച്ചയായിട്ടും കരം ഇളവുചെയ്തുകൊടുക്കണം.

MR. KOCHUKORA THARAKAN : എന്റെ ബഹുമാന്യസ്നേഹിതൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. സ്ഥാവരവസ്തുക്കൾ ഇതു കൂട്ടത്തലായി കരക്കുടിശ്ശികയ്ക്കു ലേലത്തിൽ വിറ്റു പോകുന്നതിനു് ഞാനറിയുന്ന കാരണങ്ങളിൽ ചിലതിനെ പറയണമെന്നു് വിചാരിക്കുന്നു. ഒന്നാമതു് പോക്കുവരവു കാര്യത്തിൽ റവന്യൂഡിപ്പാർട്ടുമെൻറിലെ അലസത. ഒരു വസ്തു തീറെഴുതിക്കൊടുത്താൽ ആ തീറു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukoratharakan.]

കാരന്റെപേരിൽ പോക്കുവരവു ചെയ്യാതിരിക്കുകയും വസ്തു എഴുതിക്കൊടുത്ത ആളിൽനിന്നും ഇൗടാക്കേണ്ടുന്ന മറ്റു വസ്തുക്കളുടെ കരം ഉൾപ്പെടുത്തി തീറുകൊടുത്ത വസ്തു ലേലത്തിനു പരസ്യം ചെയ്യുന്നതുകൊണ്ടും ഈ വിവരം വസ്തു തീറുവാങ്ങിയ ആൾ അറിയാതിരിക്കുന്നതുകൊണ്ടും അനവധി ലേലങ്ങൾ നടക്കേണ്ടതായി വരുന്നു. രണ്ടാമത്തേതു സ്ഥാവരവസ്തുക്കൾ ലേലത്തിൽ വിൽക്കുവാൻ സൌകര്യമുണ്ടല്ലൊ എന്നു വിചാരിച്ചു പ്രവർത്തി ഉദ്യോഗസ്ഥന്മാർ കൂടികളുടെയിടയിൽ നടന്നു കരംപിരിച്ചെടുക്കുന്നതിനു വേണ്ടത്ര പരിശ്രമിക്കുന്നില്ല എന്നുള്ളതാണു്. ഇവയെല്ലാത്തിനും പുറമെ പ്രധാനമായി കാർഷിക ഉൽപ്പന്നങ്ങൾക്കുള്ള വിലക്കുറവും കൃഷിപ്പിഴയും വസ്തുക്കൾ ലേലം ചെയ്യിക്കുന്നതിൽ വളരെ സഹായിച്ചിട്ടുണ്ടു്. ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു, ആ വർദ്ധനവിനനുസരിച്ചു് കൃഷിചെയ്യുന്ന സ്ഥലങ്ങളൊ കൃഷിസ്ഥലങ്ങളിലെ വിളവൊ വർദ്ധിക്കാതിരിക്കുമ്പോൾ ഇവിടെ ക്ഷാമം ഇത്ര അധികം നടമാടുന്നതിൽ എന്താണത്ഭുതം. മുപ്പതൊ അതിലധികമൊ കൊല്ലങ്ങൾക്കു മുൻപുള്ള കൃഷിസ്ഥലങ്ങളാണു് ഇപ്പോഴും ഇവിടെയുള്ളതു്. ഇനിയും, കൃഷിസ്ഥലങ്ങൾ വല്ലതും കൂടുതലായി പതിച്ചുകൊടുക്കുവാൻ ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിലല്ലാതെ ഈ ക്ഷാമദേവതയെ ആട്ടിയോടിക്കുന്നതിനും ഗസറിന്റെ കരുക്കുടിശിഖപരസ്യം കുറയ്ക്കുന്നതിനും നിവൃത്തിയില്ലാ. ചതുപ്പുനിലങ്ങൾ പതിച്ചുകൊടുക്കുന്നു എന്നു് സർക്കാർ ഗസറിലും മറ്റു പത്രങ്ങളിലും പരസ്യംചെയ്തിട്ടു് ലേലം നടത്തുന്നു. ചതുപ്പുനിലം ലേലത്തിൽ വിളികേട്ട വസ്തുവിൽ ചെല്ലുമ്പോൾ ചതുപ്പുനിലങ്ങളിൽനിന്നും ഇരുപതും മുപ്പതും അടികൾ ഉയർന്ന സ്ഥലങ്ങളായിട്ടാണു് ലേലക്കാരന്റെ വസ്തുക്കൾ കാണുന്നതു്. ഗവണ്മെൻറുതന്നെ സാധുക്കളായ സാമാന്യജനങ്ങളെ ഇപ്രകാരം വഞ്ചിക്കുന്നു എന്നു പറയാതിരിക്കാൻ തരമില്ല. കൃഷിസ്ഥലങ്ങൾ കൂടുതൽ പതിച്ചുകൊടുക്കണമെന്നു് ജനങ്ങൾ ഒരു വശത്തുനിന്നും മുറവിളികൂട്ടുമ്പോൾ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറുകാർ പറയുന്നതു ഒരിഞ്ചു സ്ഥലംപോലും പതിച്ചുകൊടുക്കാൻ നമ്മുടെ റിസർവു വനങ്ങളിൽ സ്ഥലം ഇല്ലെന്നാണു്. തിരുവിതാംകൂറിലെ ക്ഷാമത്തിനു് ഒരു പരിഹാരം ഉണ്ടാക്കാതെ, ഇവിടത്തെ ഭക്ഷണസാധനങ്ങൾ വേണ്ടുവോളം ഉണ്ടാകുന്നതിനു് എന്തെങ്കിലും വഴികൾ കണ്ടുപിടിക്കാതെ ഇരിക്കുന്നിടത്തോളം കാലം തിരുവിതാംകൂറിലെ കൃഷിക്കാരുടെ ദാരിദ്ര്യം തീരുകയൊ കരം കുറവുചെയ്യണം എന്നുള്ള ഈ പ്രശ്നം അവതരിപ്പിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യൊ ഉണ്ടാകുന്നതല്ല. അതുകൊണ്ട് ഗവണ്മെൻറ് കൃഷിയെ പരിഷ്കൃത രീതിയിൽ വളർത്തുക, ക്രട്ടതൽ കൃഷിസ്ഥലങ്ങൾ പതിച്ചുകൊടുക്കുക എന്നീ രണ്ടു കാര്യങ്ങളിൽക്കൂടി വേണ്ടവിധം പ്രവർത്തിച്ച് ക്ഷാമത്തെ ഈ നാട്ടിൽനിന്നും അകറ്റുവാനാണ് പ്രധാനമായി ശ്രദ്ധിക്കേണ്ടത്. തിരുവിതാംക്കൂറിലെ കർഷകരുടെ ദരിദ്രാവസ്ഥയ്ക്കാണ് പരിഹാരമുണ്ടാക്കേണ്ടത്. അതിലേയ്ക്ക് ആവശ്യമായ കാര്യങ്ങൾ കഴിയുന്നതും വേഗത്തിൽ കണ്ടുപിടിച്ച് അതിനു പരിഹാരമുണ്ടാക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ട്, അതിനാൽ ഗവണ്മെൻറ് കർഷകലക്ഷങ്ങളുടെ ദുരിതനിവാരണം കഴിയും വിധം ഉടനെ വരുത്തണമെന്നു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. കർഷകരുടെ ദരിദ്രാവസ്ഥ മാറാതെ കരം കുറയ്ക്കണമെന്നുള്ള പ്രമേയങ്ങൾ ജനപ്രതിനിധി സഭകളിൽനിന്നു ഒഴിയുന്നതല്ലെന്നുള്ള വസ്തുത ഗവണ്മെൻറ് അറിഞ്ഞിരിക്കേണ്ടതുമാണ്. അതിനാൽ ഈ പ്രമേയത്തെ ഞാൻ ശക്തിപൂർവ്വം പിൻതാങ്ങുന്നു.

MR. K. GEORGE (*Land Revenue and Income Tax Commissioner*) : Of the two adjournment motions moved and discussed in the House today the first one moved by the honourable member Mr. T. C. Kesava Pillai dealt with chiefly the question of the innumerable sales of immovable properties for arrears of tax. Mr. T. C. Kesava Pillai admitted the inevitability of resorting to coercive processes for realisation of tax when the tax payers default payment. He, however, referred to certain irregularities which he wants the land Revenue Department to cure. I shall deal with some of them.

In the first place, he said that one reason why there are so many sales of land is that the Revenue authorities neglect to carry out transfer of registry in a large number of cases. I admit that in a number of cases applications for transfer of registry are rejected. When on circuit I have very carefully looked into the matter and I have been obliged to come to the conclusion that in a large majority of cases it was due to the fault of the applicants themselves. Sometimes the documents of transfer do not give the survey number of the property or merely say that so many cents in such and such a survey number is sold. It is difficult in such cases to locate or identify the property. Sometimes for the case of court sales the applicants may not have obtained delivery of property. In such cases the rule is that the Tahsildars should issue notices to the party to come and prove that he has obtained possession of the land. I understand that although notices are issued the parties do not turn up. This is one reason why transfers cannot be made.

MR. T. C. KESAVA PILLAI : ആ സംഗതിയിൽ പൊതുജനങ്ങൾ അലസത കാണിച്ചാലും ഗവണ്മെൻറിന്റെ നന്മക്കുവേണ്ടി ജനങ്ങളെകൊണ്ടു നിർബന്ധിച്ചു ചെയ്യേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE : That is true, Sir, but unless the people who buy lands co-operate with Government it is not easy for the Government to effect transfers of registry. It is no doubt very difficult for Government to collect tax if the *thandapers* are not accurate.

MR. T. C. KESAVA PILLAI : സർവെ ഡിപ്പാർട്ടുമെന്റിൽ നിന്നും സബ് ഡിവിഷൻ ശരിയായി അയക്കുന്നില്ലെന്ന ഗവണ്മെന്റു തന്നെ നിരൂപണം ചെയ്യുന്നുണ്ടല്ലോ? അതിനും ജനങ്ങൾതന്നെയാണൊ കുറക്കാർ?

MR. K. GEORGE : That is due to the fact that according to the present rules *pokkuvaravu* sub-division need not be effected unless applied for.

MR. KOTTALIL P. ABRAHAM : Are not copies of registration documents obtainable from the Registration Department ?

MR. K. GEORGE : They are. Then as regards demand notices what Mr. Kesava Pillai says, I believe, is true in many of the taluks but I find different procedures in different taluks. Where there are joint pattadars demand notices are issued to all the pattadars. Otherwise lands will be sold for arrears of tax without the knowledge of one or more of the pattadars. When there are joint pattas it is necessary that demand notices should be issued to all. Probably this is regarded as a grievance, since in such cases demand notice fees would have to be recovered from all. I shall examine the question and see whether a remedy is possible.

MR. T. C. KESAVA PILLAI : ഒരമ്മക്കു അഞ്ചുകുഞ്ഞുങ്ങളുണ്ടായിരുന്നാൽ ആ കുഞ്ഞുങ്ങളെ ചേർത്തു ഡിമാൻറ നോട്ടീസ്സ് അയക്കേണ്ട ആവശ്യമുണ്ടൊ?

MR. K. GEORGE : That is not necessary because notices need only be issued to the guardians of the minor children.

MR. T. C. KESAVA PILLAI : മേലാൽ അങ്ങിനെ ചെയ്യുന്നതിന് ഒരു വ്യവസ്ഥ ഏർപ്പാടുചെയ്യുമോ?

MR. K. GEORGE : If there is such a practice, of course it can be put a stop to. Then Mr. Kesava Pillai suggested that as far as possible we should resort to attachments of moveables, such as crops. That is easy to say. But the difficulty is in the practical working of it. If we put up a flag on the field, the crops of which have to be attached, the next day the flag disappears. To make further complications, we will have to take criminal proceedings against the tax payer. Moreover a good deal of opposition and complaints will arise in the case of attachment of moveables. Then about the gross inadequacy of the prices fetched by the sale of lands in auction for arrears of tax, it is inevitable that some reduction is caused by compulsory sales. First of all there is the present fall in the price of land. Secondly when the land is to be sold by public auction it has to be sold at any price it fetches. But there are remedies. The tax payer has to apply to the Division Peishkar and by paying the tax within

LIBRARY ARCHIVES Kerala Legislative Assembly

30 days of sale he can get the auction cancelled. There is also provision in the law which enables the Division Peishkar or the confirming authority to set aside sales where the price fetched in auction is grossly inadequate. I may inform the House that a large number of cases also come before me in revision, and wherever I find that there is a gross under valuation of property, I order the sale being set aside. Further I have issued instructions to all the Tahsildars to the effect that when they attach properties they should prepare *mahazars* showing the extent of the land, its situation, the improvements made on it, whether there is a house or not etc. That is generally being done now. This is all what I have to say with regard to Mr. Kesava Pillai's suggestions.

Now I shall come to the adjournment motion tabled by Mr. T. P. Velayudhan Pillai. The discussion with regard to that motion centred round the subject of remission of taxation, Mr. Velayudhan Pillai's motion deal with 3 matters. First, a general remission of tax to the extent of 50 per cent. secondly a special remission of tax in tracts when there was a complete failure of crops, and thirdly stay of all coercive proceedings. As reards the first, that is about the general remission of tax some of the speakers no doubt anticipate my arguments that I have more than once urged in this House. Sir, the argument advanced for the general remission of 50 per cent. is the fall in the price of agricultural commodities. Now that is not a condition peculiar to Travancore; and I should say, so far as we can see at present there is no sign such as to encourage the hope that there will be a substantial improvement to our commodity prices for a long time to come. If we are to give general remission of tax on that ground it goes without saying that it would be granting a permanent remission of tax. I must say that such a step is not possible under the present circumstances. A standing remission of 50 per cent.of land tax in this country is not practicable.

Then, I have also to advert to a fact with I have been repeatedly representing to this House. Remission of taxation does not benefit a large number of ryots. Recently some ryots who interviewed me told me that they did not want remission at all because it was beneficial only to the large land holders, than who pay more than Rs. 50 as land tax. Big estate owners, cardamom planters and other large land holders only will be benefited by a remission of tax. But the men who pay small amounts will not be benefited in any way and they form the bulk of the population. In my opinion I do not think that the 50 per cent. remission of land tax will at all improve their condition. But at the same time it is a great sacrifice for the Government. Therefore I say that such a reduction of revenue is not justifiable. Suppose the 50 per cent. remission is granted. What happens is that about 18 to 20 lakhs of rupees are lost to Government, and that when Government are spending large sums of money on big schemes for industrialisation and for various other projects of public utility. So my question is, is it wise for the Government to sarcifice a substantial portion of their revenue without anv commensurate benefit to the ryots.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA AIYAR: Is it possible for Government to make remissions of taxation with regard to the tax due to the Edavagais like Kilimanoor, Poonjar, Vanjipuzha etc.?

MR. K. GEORGE: No Sir. We are not the custodians of those revenues. Nor can we remit taxes which are due to Jenmies. Then it might be asked what about the the specific cause of distress which have been pointed out. Let me first deal with the question of remission of taxation in certain tracts of Travancore where the crops have failed due to the failure of rain or due to floods. In the case of certain tracts in Central Travancore, a deputation headed by Mr. T. P. Velayudhan Pillai waited upon the Dewan and certain memorials were also presented to Government. As a result of these deputations and memorials Government made an enquiry. I may inform the House that a sympathetic decision may be expected as a result of that enquiry.

MR. PULIYOOR T. P. VELAYUDHAN PILLAI: Is it with regard to a general remission?

MR K. GEORGE: No. With regard to particular tracts where there has been failure of crops.

MR. T. C. KESAVA PILLAI: നാഞ്ചിനാട്ടും ഇടനാട്ടും ഇതേമാതിരി കൃഷിദോഷമുണ്ടെന്നറിയാമോ?

MR. K. GEORGE: I will speak of Nanjinad later.

MR. K. KESAVAN (*Karunagapally* cum *Karthigapally*): കരുനാഗപ്പള്ളി താലൂക്കിൽ എല്ലാ കൃഷികളും മോശമായിരുന്നുവെന്നറിയാമോ?

MR. K. GEORGE: Sir, it may be. But reports do not go to show that there is a general failure of crops. I say, Sir, once again to the Honourable members that the Government are considering the question of remission of tax in Central Travancore sympathetically. The distinction which has been shown between paddy in Ambalapuzha taluk and that in Karthigapally and Mavelikara was due to the fact that in certain parts of the Ambalapuzha Kandukrishi, the price which prevailed was 12 Chs. Paddy was being sold at a higher price in these two taluks to the extent of 1½ chackrams.

MR. PULIYOOR T. P. VELAYUDHAN PILLAI Has the Tahsildar, Thiruvalla reported against that?

MR. K. GEORGE: I cannot say. The price was fixed in consultation with the Division Peishkar. A report on the petition has been called for and as soon as it is received further action will be taken.

Now, I come to Nanjinad. Sir, my friend Mr Sivathanu Pillai was saying that conditions in Nanjinad were hopeless.

MR. PULIYOOR T. P. VELAYUDHAN PILLAI: Under rule 23 (2), the Land Revenue Commissioner has exceeded his time.

MR. K. GEORGE: If they do not want to hear me I shall stop here.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: You may complete your remarks.

MR. K. GEORGE: Mr. Sivathanu Pillai was saying that I had said that Nanjinad is doomed. That is surprising. I do not think that Nanjinad is doomed and I hope that Nanjinad has a bright future before it (*hear, hear*). Two important points were raised by Mr. Sivathanu Pillai and the other members representing South Travancore. One is, that since resettlement is likely to be postponed something should be done to remedy the grievances in the matter of excessive taxation. One suggestion was that Government should reconsider the decision that they had once adopted in the matter of the rate of conversion of the Kotta measure into *paras*. Well, Sir, it was once decided by Government that this question has to wait until the next settlement. Now Government are seriously thinking of dealing with the question shortly. I cannot give a definite assurance about the result that will come from that enquiry. But Government are prepared to take up the question once again before resettlement.

MR. M. SIVATANU PILLAI: Cannot Government show the same sympathy to Nanjinad as they are now prepared to show to the North Travancore people?

MR. K. GEORGE: That is the second thing that I am coming to. It is out of the sympathetic consideration that Government are enquiring into the question.

MR. K. NARAYANAPERUMAL NADAR: What about Puduval lands.

PRESIDENT: You have got two minutes before you.

MR. K. GEORGE: People coming from Nanjinad have no reason to complain about lack of sympathy from Government.

Referring to the fallow remission I have to say this. Fallow remission is not given in all cases. Mr. Sivathanu Pillai was at a loss to understand why. It is because lands may be left fallow simply on account of the neglect of the ryots or sometimes due to quarrels among the landholders. This is not the case with *Kariru* remission. That is granted under rules.

MR. M. SIVATANU PILLAI: Are not lands left fallow due to want of irrigation facilities?

MR. K. GEORGE: In that case Government have been giving fallow remissions. The member himself knows that Government have given fallow remissions in the past.

MR. M. SIVATANU PILLAI: Is it a remission or some concession?

MR. K. GEORGE: I think it was a remission that was given as a concession. Take the first half of 1113. In addition to the remission to which the ryots were entitled under the rules Government sanctioned special remission of over Rs. 60,000. There is a complaint that cultivation was not successful in the Kumbhom crop also. This has been enquired into. I have received reports from some of the local officers regarding the matter and I hope to deal with these shortly. But there is a difficulty in the matter of partial failure of crops. It is difficult to have an accurate idea as to the extent of failure in such

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

cases. If we begin to give remissions for partial failure of crops there will be a good deal of complaints among the ryots. Government will, therefore, give remissions only in cases where the failure of harvests has been complete.

PRESIDENT: There have been two motions for adjournment which has been struck together because they dealt with the same subject. One from Mr. T. C. Kesava Pillai and the other from Mr. T. P. Velayudhan Pillai. Both of them have been fully discussed. The question before the House is that whether the house do now adjourn.

The question whether the House do now adjourn was put to vote and carried.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I demand a poll.

PRESIDENT: No, nobody who succeeds can demand a poll.

The House adjourned at 5-30 to meet again at 11 a. m. the next day.

A. GUNAMONY,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly